(ബി) ആലപ്പുഴ നഗരത്തിലേതുൾപ്പെടെ സംസ്ഥാനത്താകെയുള്ള 132 'സി' ടൈപ്പ് ജെട്ടികളുടെയും 9 'ബി' ടൈപ്പ് ജെട്ടികളുടെയും 13 ലാന്റിംഗ് സ്ഥലങ്ങളുടെയും നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഉദ്ദേശം പത്തു കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടുത്തി സഹായം തേടുന്ന കാര്യം സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) സർക്കാർ ഇക്കാര്യം സജീവമായി പരിഗണിച്ചു വരികയാണ്.

പമ്പാനദിയിലെ മണൽപുറ്റ് നീക്കം ചെയ്യുന്നതിന് നടപടി

53 (217) ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള വള്ളംകളി നടക്കുന്ന വാട്ടർ സ്റ്റേഡിയത്തിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി ആറൻമുള സത്രം കടവിൽ വാട്ടർ അതോറിറ്റി പമ്പ് ഹൗസ് മുതൽ കൊട്ടാരത്ത് കടവ് വരെ പമ്പാ നദിയിലെ മണൽപുറ്റ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ആവശ്യമായ എസ്റ്റിമേറ്റ് എടുക്കുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നിർദ്ദേശം നല്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി എത്രയും പെട്ടെന്ന് നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ–സി) പ്രസ്തുത പണിക്കുവേണ്ട നടപടികൾ കൊല്ലം ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നുണ്ട്.

വാട്ടർ അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ

54 (218) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന സംസ്ഥാനത്തെ ശുദ്ധജല പദ്ധതികൾ ഏതൊല്ലമാണെന്ന് വ്യക്തമാക്കാമോ ;

(ബി) സമയബന്ധിതമായി പൂർത്തിയാകാത്ത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(സി) പഴയ പദ്ധതികൾ പൂർത്തികരിക്കാതെ പുതിയ പദ്ധതികൾ തുടങ്ങുന്നത് നിർത്തി വയ്ക്കുന്നതിന് തയ്യാറാകുമോ ;

(ഡി) എല്ലാവർക്കും 2000-മാണ്ടോടെ ശുദ്ധജലം എത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പരിപാടിയനുസരിച്ച് തയ്യാറാക്കിയ പദ്ധതികൾ, ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതികൾ, ടെക്നോളജിമിഷൻ സബ്മിഷൻ പദ്ധതികൾ, എൽ.ഐ.സി/ഹഡ്കോ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പ പ്രകാരം നടത്തുന്ന ഗ്രാമീണ/നഗര ശുദ്ധജല വിതരണ പദ്ധതികൾക്ക്, നെതർലാന്റ് സഹായത്തോടെയുള്ള പദ്ധതി, ഒ.ഇ.സി.എഫ് ജപ്പാന്റെ അംഗീകാരത്തോടു കൂടി നടപ്പിലാക്കി വരുന്ന ശുദ്ധജലവിതരണ വിപുലീകരണ പദ്ധതികൾ എന്നിവയാണ് വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ.

(ബി) സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്ത പദ്ധതികളിൽ ഭൂരിഭാഗവും ' 2000 - മാണ്ടോടു കൂടി എല്ലാവർക്കും കുടിവെള്ളം' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ നടപ്പിലാക്കി വരുന്നു.

(സി) പഴയ പദ്ധതികളിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തിയും അവ നടപ്പിലാക്കിയും പണികൾ ത്വരിതപ്പെടുത്തി വരുന്നുണ്ട്. പുതിയ പരിഹാര മാർഗ്ഗങ്ങൾക്ക് അംഗീകാരം നൽകുവാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകി കഴിഞ്ഞാൽ സ്ഥലമെടുപ്പ് തുടങ്ങിയ പ്രാരംഭ പണികൾക്ക് ധാരാളം സമയം വേണ്ടി വരുന്നുണ്ട്. ആയതിനാൽ പഴയ പദ്ധതികൾ പൂർത്തികരിച്ച ശേഷം പുതിയ പദ്ധതികൾ തുടങ്ങുകയാണെങ്കിൽ പുതിയ പദ്ധതികൾക്ക് വളരെയധികം കാലതാമസം നേരിടും. പഴയ പദ്ധതികളെല്ലാം പൂർത്തിയാകുന്നതുവരെ പുതിയ പദ്ധതികൾ നിർത്തി വയ്ക്കുന്നത് പ്രായോഗികമല്ല.

(ഡി) '2000 - മാണ്ടോടെ എല്ലാവർക്കും കുടിവെള്ളം ' എന്ന ഒരു പദ്ധതി സർക്കാർ അംഗീകരിച്ചു നടപ്പിലാക്കി വരുന്നു. ഇത് കേരള ജല അതോറിറ്റി, ഭൂഗർഭ ജല വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങൾ എന്നിവ സംയുക്തമായാണ് നടപ്പിലാക്കുന്നത്. ഇതനുസരിച്ച് ജല അതോറിറ്റി മൂന്നു വർഷത്തിനകം (2001 മാർച്ച് മാസത്തോടുകൂടി) 128 പദ്ധതികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 1998-99-ൽ 39 പദ്ധതികൾ കമ്മീഷൻ ചെയ്തു കഴിഞ്ഞു. 1999-2000-ൽ 48 പദ്ധതികളും 2000-2001-ൽ 41 ഉം പദ്ധതികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനുപുറമേ ഇതുവരെ ശുദ്ധജലം എത്താത്ത എൻ. സി. ഫാബിറ്റേഷനുകളിലും ഭാഗികമായി കുടിവെള്ളം എത്തിയിട്ടുള്ള പി.സി.ഫാബിറ്റേഷനുകളിലും സെൻസസ് ടൗണുകളിലും കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടി 587.79 കോടി രൂപയുടെ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് ബോണ്ടുകൾ വഴിയും ബാങ്ക് ലോൺ വഴിയും സ്വരൂപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.മേൽപ്പറഞ്ഞ പദ്ധതികൾക്കായി ഇതിനകം 43.15 കോടി രൂപക്കുള്ള സാമ്പത്തികാനുമതി നൽകി കഴിഞ്ഞു. പണികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly